THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

## GRADE 5
## QUESTION BANK

പാഠം : 8
എന്റെ കുട്ടിക്കാലം

**അർഥം**

1 രാജ്കോട്ട് - ഗാന്ധിജി വളർന്ന സ്ഥലം

2 ചങ്ങാതി- മിത്രം

3 അലട്ടുക -ശല്യപ്പെടുത്തുക

4 ബഹുമാനിക്കുക -ആദരിക്കുക

5 പരിഹസിക്കുക -കളിയാക്കുക

6 പോർബന്ധർ -ഗാന്ധിജി ജനിച്ച സ്ഥലം

7 പുരോഗതി -ഉയർച്ച

പകരം പദം

1 അച്ഛൻ -ജനകൻ

2 മനം- ചിത്തം

3 വാസരം- ദിനം

4 ആണ്ട് -വർഷം

5 സ്നേഹം- ഇഷ്ടം

വിപരീതം

1 പുതിയx പഴയ

2 നന്മ xതിന്മ

3 രഹസ്യംx പരസ്യം

4 ആധുനികംx പ്രാചീനം

5 ഉഷ്ണം xശീതം

6 ഏകംx അനേകം

<u>ഉത്തരം എഴുതുക</u>

1 "എന്റെ ദിനചര്യ ഇതായിരുന്നു" എന്താണ് ഗാന്ധിജിയുടെ ദിനചര്യ?

**ans :** മണിയടിക്കുമ്പോൾ ക്ലാസ്സിൽ എത്തും സ്കൂൾ വിട്ടാലോ? വീട്ടിലേക്ക് ഒറ്റയോട്ടം ഇതായിരുന്നു ഗാന്ധിജിയുടെ ദിനചര്യ.

2,ശ്രാവണന്റെ കഥ ഗാന്ധിജിയെ എങ്ങനെ സ്വാധീനിച്ചു?

**ans :** അന്ധരായ തന്റെ മാതാപിതാക്കളെ ശ്രാവണൻ പരിപാലിക്കുന്നതും തീർത്ഥാടനത്തിനു കൊണ്ടുപോകുന്ന ചിത്രങ്ങളും അദ്ദേഹത്തിന്റെ പിതൃ ഭക്തിയുമാണ് ഗാന്ധിജിയെ സ്വാധീനിച്ചത്.

3, ഹരിചന്ദ്രനാടകം ഗാന്ധിജിയെ എങ്ങനെയാണ് സ്വാധീനിച്ചത്?

**ans :** സത്യത്തിനുവേണ്ടി സ്വന്തം ജീവൻ തന്നെ ബലിയർപ്പിച്ച ആളായിരുന്നു ഹരിചന്ദ്രൻ . സ്വന്തം രാജ്യത്തെയും ഭാര്യയെയും മകനെയും നഷ്ടപ്പെട്ടിട്ടും സത്യസന്ധത കൈവിടാത്ത ഹരിചന്ദ്രൻ ഗാന്ധിജിയുടെ മനസ്സിനെ സ്വാധീനിച്ചു.

4, എങ്ങനെയാണ് ഗാന്ധിജി സ്കൂളിൽ ഇൻസ്പെക്ഷൻ നടന്ന ദിവസം മടയൻ ആയത്?

**ans :** സ്കൂളിന്റെ നടത്തിപ്പ് വിലയിരുത്താൻ വിദ്യാഭ്യാസ ഇൻസ്പെക്ടർ സ്കൂളിൽ വന്നു.അദ്ദേഹം കുട്ടികളോട് 5 വാക്ക് കേട്ട് എഴുതാൻ പറഞ്ഞു. അവയിൽ ഒന്ന് 'കെറ്റിൽ 'എന്നായിരുന്നു. ഞാൻ ആ വാക്ക് തെറ്റായിട്ടാണ് എഴുതിയത്. തെറ്റ് തിരുത്താൻ അധ്യാപകൻ രഹസ്യമായി സൂചന നൽകി. തൊട്ടടുത്തിരുന്ന കുട്ടിയുടെ പുസ്തകം നോക്കി എഴുതാനാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഞാൻ അങ്ങനെ ചെയ്തില്ല . ഞാൻ ഒഴികെയുള്ള കുട്ടികൾ അഞ്ച് വാക്കും ശരിയായി എഴുതി അങ്ങനെ അവരുടെ മുന്നിൽ ഞാൻ മടയനായി.

<u>കത്ത് തയ്യാറാക്കാം</u>

നിങ്ങളുടെ നാട്ടിൽ നടന്ന സ്വാതന്ത്ര്യദിനാഘോഷത്തെക്കുറിച്ച്
സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക?

പ്രിയപ്പെട്ട നീന..
എന്തൊക്കെയുണ്ട് വിശേഷങ്ങൾ? പഠനമൊക്കെ നന്നായി നടക്കുന്നുണ്ടോ? വീട്ടിൽ എല്ലാവർക്കും സുഖമാണോ? ഞാൻ ഇവിടെ സുഖമായിരിക്കുന്നു.

നാട്ടിൽ സ്വാതന്ത്ര്യദിനാഘോഷം എങ്ങനെയുണ്ടായിരുന്നു ഇവിടെ വിപുലമായ ആഘോഷമായിരുന്നു. പ്രസംഗം മത്സരവും, ദേശഭക്തിഗാന മത്സരവും, ഉണ്ടായിരുന്നു. കൂടാതെ സ്വാതന്ത്ര്യ സമര നേതാക്കളുടെ വേഷം ധരിച്ച നിരവധി കുട്ടികളും ഉണ്ടായിരുന്നു. അങ്ങനെ വളരെ മനോഹരമായ ഒരു ദിനമായിരുന്നു.

നിന്റെ സ്കൂളിലെ ആഘോഷം എങ്ങനെയെല്ലാമായിരുന്നു മറക്കാതെ എന്നെ അറിയിക്കുമല്ലോ

എന്ന്

സ്നേഹത്തോടെ

മഹത്വചനങ്ങൾ

"എന്റെ അനുവാദമില്ലാതെ ആർക്കും എന്നെ വേദനിപ്പിക്കാൻ കഴിയില്ല"

" ഇന്ന് , ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി "

"ദുർബലർക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ല .'ക്ഷമിക്കുക എന്നത് ശക്തരുടെ ഗുണമാണ്."

കുറിപ്പെഴുതുക

ഗാന്ധിജി

നമ്മുടെ രാഷ്ട്രപിതാവാണ് ഗാന്ധിജി .

ഗുജറാത്തിലെ പോർബന്ധറിൽ **1869** ഒക്ടോബർ രണ്ടിന് ഇദ്ദേഹം ജനിച്ചു.

മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നാണ് ഇദ്ദേഹത്തിന്റെ മുഴുവൻ പേര് .

ഇദ്ദേഹത്തെ ബാപ്പു എന്നാണ് വിളിച്ചിരുന്നത് .

"എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ" എന്നതാണ് ആത്മകഥയുടെ പേര്.

**1948** ജനവരി **30** ഇദ്ദേഹം അന്തരിച്ചു.